ഉത്തരം.

പഞ്ചായത്തുകളുടേയും താലൂക്ക് ഡവലപ്പുമെൻറ് കമ്മറിയുടേയും ശുപാർശ പ്രകാരം അനുസരിച്ചും പഞ്ചായത്തടിസ്ഥാനത്തിൽ തയാറാക്കിയതുമായ കുന്നത്തൂർ താലൂക്കിലെ തലച്ചിറകളുടേയും കുളങ്ങളുടേയും തോടുകളുടേയും † ലിസ്റ്റ് ഇതുസഹിതം ചേർത്തിട്ടുണ്ട്. ഈ ലിസ്റ്റും ഡിസ്ട്രിക്റ്റ് ഡവലപ്പുമെൻറ് കമ്മിറിയും ഗവണ്മെൻറും അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് മൊത്തം, 4,31,000 രൂ. യാണ് ചെലവ് പ്രതീക്ഷിക്കുന്നതു്. ജനകീയ സ്ഥാപനങ്ങളായ പഞ്ചായത്തുകളിൽനിന്നുണ്ടാവുന്നതും അനുദ്യോഗസ്ഥരായ ജനപ്രതിനിധികളുൾപ്പെടുന്ന താലൂക്ക് കമ്മറിയുടേയും മറ്റും പരിശോധനയ്ക്ക് വിധേയമാകുന്നതുമായ പ്രസ്തുത നിർദ്ദേശങ്ങൾ കർഷകതൊഴിലാളി യുവജനസംഘടനകളുടേയും, രാഷ്ട്രീയ പാർട്ടികളുടേയും മറ്റും പ്രത്യേക ചർച്ചയ്ക്കും വിമർശനത്തിനും സമർപ്പിക്കുന്ന പതിവില്ല.

കാർഷിക സഹകരണസംഘങ്ങൾക്ക് വായ്പ.

141. [9] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതു കാർഷിക സഹകരണസംഘങ്ങളാണ് സ്റ്റേറ്റിലുള്ളതു്; എവിടെയൊക്കെ; അതിന്റെ പ്രസിഡൻറും സെക്രട്ടറിയും ആരെന്നു പറയുമോ;

(ബി) സെൻട്രൽ കോവാപ്പറേറീവ് ബാങ്കിൽനിന്നും ഇതിലേതെങ്കിലും സംഘങ്ങൾക്കു വായ്പകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘങ്ങൾക്ക് എന്തു തുക വീതമാണ് നൽകിയിരിക്കുന്നതു്;

(സി) കുന്നത്തൂർ താലൂക്കിലെ പാട്ടം കൂട്ടുകൃഷി സഹകരണസംഘത്തിനു വായ്പ നൽകിയിട്ടുണ്ടോ; എന്തു തുക നൽകി?

ഉത്തരം.

(എ) സംസ്ഥാനത്തു് 1569 കാർഷികസഹകരണസംഘങ്ങളുണ്ട് അവ ഏതെവിടെയൊക്കെയാണെന്നു പറയുവാൻ എളുപ്പമല്ല. എന്നാൽ പ്രസിദ്ധീകൃത റിപ്പോർട്ടുകളിൽനിന്നും വിവരങ്ങൾ ലഭിക്കാവുന്നതാണ്. അവയുടെ പ്രസിഡൻറിന്റെയും സെക്രട്ടറിയുടെയും പേരു പറയുവാനും എളുപ്പമല്ല.

(ബി),(സി) ബാങ്കിംഗ് പ്രാക്ടീസ് അനുസരിച്ച് സ്റ്റേറ്റ് ബാങ്കുമായി ഇടപാടുള്ള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരം വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

Sugar Factory.

142 [10] SHRI K. A. SIVARAMA BHARATHY: Will the Chief Minister be pleased to state:

(*a*) whether the Government have any idea to start a sugar factory in Chittur Taluk where sugarcane is largely cultivated;

† Please see Appendix VIII.

LIBRARY ARCHIVES Kerala Legislative Assembly